## വ്യക്തിപരമായ വിശദീകരണം

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, ഏത് കോടതിയും തൂക്കിക്കൊല്ലാൻ വിധിക്കുമ്പോൾ നിങ്ങൾക്ക് എന്തെങ്കിലും പറയാനുണ്ടോയെന്ന് ചോദിക്കുന്നൊരു മര്യാദയുണ്ട്. നിയമസഭയ്ക്കകത്ത് .... (ബഹളം)....

മി. സ്പീക്കർ: എന്ത് അസഹിഷ്ണുതയാണ് കാണിക്കുന്നത്. നിങ്ങൾ വിമർശനം ഉന്നയിച്ചിട്ട് അതിന് മറുപടി പറയുന്നത് കേൾക്കണ്ടേ? നിങ്ങൾ ഇരിക്കു.....എല്ലാ വാക്കുകൾക്കും കമന്റ് ചെയ്യണമെന്നില്ല. ദയവായി അത് ചെയ്യരുത്..... (ബഹളം)....

ശ്രീ. എം. എം. മണി: സർ, സത്യവുമായി ഒരു ബന്ധവുമില്ലാത്ത ആരോപണങ്ങളാണ് കഴിഞ്ഞ ചില ദിവസങ്ങളായി എനിക്കെതിരെ ഉന്നയിക്കപ്പെട്ടത്. ഞാൻ സ്ത്രീകൾക്ക് എതിരെ ആക്ഷേപകരമായി എന്തോ പറഞ്ഞു എന്ന് ആരോപിക്കുന്നു. വിവാദത്തിനടിസ്ഥാനമാക്കിയ ആ പ്രസംഗത്തിലൊരിടത്തും സ്ത്രീ എന്ന വാക്കോ, ഏതെങ്കിലും സ്ത്രീയുടെ പേരോ പരാമർശിച്ചിട്ടില്ല. എന്നാൽ പ്രസംഗത്തിന്റെ പൂർണ്ണരൂപം ടെലിവിഷൻ മാധ്യമങ്ങളുടെ കയ്യിലുണ്ട്. ആദരണീയനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച അടിയന്തരപ്രമേയ പ്രസംഗത്തിൽ പറയുന്ന ഏതെങ്കിലും കാര്യം 17 മിനിറ്റുള്ള എന്റെ പ്രസംഗത്തിലുണ്ടോയെന്ന് നിങ്ങൾ സദയം കേൾക്കണമെന്ന് ഞാൻ വിനയപൂർവ്വം

അപേക്ഷിക്കുകയാണ്. 17 മിനിറ്റുള്ള പ്രസംഗം പൂർണ്ണമായും സംപ്രേക്ഷണം ചെയ്താൽ ഞാൻ പറയുന്നതിലെ സത്യം എല്ലാവർക്കും ബോധ്യമാവും. മുമ്പത്തെ ഒഴിപ്പിക്കൽ ഘട്ടത്തിൽ ഉണ്ടായ ചില കാര്യങ്ങളെക്കുറിച്ച് ഞാൻ പറഞ്ഞു. ഉദ്യോഗസ്ഥരുടെ ചെയ്തികളെക്കുറിച്ച് ഞാൻ നടത്തിയ വിമർശനം ഒഴിവാക്കി എഡിറ്റ് ചെയ്ത് സ്ത്രീകൾക്കെതിരെയുള്ള ആക്ഷേപം എന്ന വ്യാഖ്യാനത്തോടെ അവതരിപ്പിക്കുകയാണ് ചില ടെലിവിഷനുകളും ചില പത്രങ്ങളും ചെയ്തത്. ചില മാധ്യമപ്രവർത്തകർക്ക് എന്നോട് പ്രത്യേക വിരോധമുണ്ട്. .... (ബഹളം)....

<u>മി. സ്പീക്കർ</u>: ദയവായി ഇരിക്കൂ. പ്ലീസ്...... പ്ലീസ്.

<u>ശ്രീ. എം. എം. മണി</u>: സർ, ചുരുക്കം മാധ്യമപ്രവർത്തകർക്ക് കയ്യേറ്റക്കാരോടും ഉദ്യോഗസ്ഥ പ്രമാണിമാരോടും ഉള്ള ചില പ്രത്യേകതരം ബന്ധത്തെക്കുറിച്ച് ഞാൻ വിമർശിച്ചതാണ്. അതാവാം മാധ്യമപ്രവർത്തകർക്ക് എന്നോട് വിരോധം തോന്നാനും ഈ വിധത്തിലുള്ള ദുർവ്യാഖ്യാനത്തിനും കാരണമെന്നുമാണ് ഞാൻ കരുതുന്നത്. ഉദ്യോഗസ്ഥരുടെ ചില പ്രവൃത്തികൾ സംബന്ധിച്ച് ചില വിമർശനങ്ങൾ ഉന്നയിക്കേണ്ടിവരും. അതല്ലെങ്കിൽ ഉദ്യോഗസ്ഥഭരണം മതിയല്ലോ? ഉദ്യോഗസ്ഥ പ്രവൃത്തികളിൽ തിരുത്തൽ വരുത്താൻ ജനാധിപത്യ രാഷ്ട്രത്തിൽ ഭരണ നേതൃത്വത്തിന് ഉത്തരവാദിത്തമുണ്ട്.

... (ബഹളം).....

<u>മി.സ്പീക്കർ:</u> അദ്ദേഹം പറയുന്നത് കേൾക്കൂ, ഇത് ശരിയാണോ? അദ്ദേഹത്തിന് എന്ത് പ്രസ്താവന നടത്തണമെന്ന് നിങ്ങളാണോ തീരുമാനിക്കുന്നത്. അദ്ദേഹം പറയുന്നത് മുഴുവൻ കേട്ടതിനുശേഷം വിമർശിക്കൂ. ഇപ്പോൾ ഇരിക്കൂ. അദ്ദേഹം പറയുന്നത് കേട്ടതിനുശേഷം നിങ്ങൾക്ക് നിങ്ങളുടെ അഭിപ്രായങ്ങൾ പറയാം. വിമർശിക്കാം. ഇപ്പോൾ സീറ്റിൽ ഇരിക്കൂ.

<u>ശ്രീ. എം. എം. മണി</u>: സർ, പെമ്പിളൈ ഒരുമൈയെ ആക്ഷേപിച്ചുവെന്ന് പറയുന്നവരെ ആക്ഷേപിച്ചിട്ടില്ല. അവർക്കുപോലും അങ്ങനെയൊരു അഭിപ്രായമില്ല. ഇക്കാര്യം ആ സംഘടനയുടെ പ്രസിഡന്റ് തന്നെ വ്യക്തമാക്കിയിട്ടുണ്ട്. എന്നുമാത്രമല്ല പെമ്പിളൈ ഒരുമൈ പ്രതിഷേധ പ്രക്ഷോഭത്തിലാണെന്ന് പറയുന്നത് ശരിയല്ല. ആകെ ആറു പേരാണ് സമരത്തിലുള്ളത്. അതിൽ രണ്ടുപേർ ശ്രീമതി ബിന്ദു കൃഷ്ണയും ശ്രീമതി ശോഭാസുരേന്ദ്രനുമാണ്. ഇവർ പെമ്പിളൈ ഒരുമൈക്കാരല്ല. ഇവരെ കഴിച്ചാൽ ആകെ നാലുപേരെയുള്ളൂ പ്രക്ഷോഭത്തിന്. ഒരാൾ ഭാരവാഹി സമിതിയിൽ പോലും ഉള്ളയാളല്ല. ചില മാധ്യമപ്രവർത്തകരും ബി.ജെ.പി.ക്കാരും എത്രയേറെ ശ്രമിച്ചിട്ടും ഇവർക്ക് പ്രതിഷേധത്തിന് ആളെ കിട്ടിയില്ല എന്നതാണ് സത്യം. പെമ്പിളൈ ഒരുമൈയുടെ സമരം കേരളം രണ്ടുമൂന്ന് വർഷങ്ങൾക്കുമുൻപ്

കണ്ടു. അതിൽ ആയിരക്കണക്കിന് ആളുകളുണ്ടായിരുന്നു. ടി.വി.യിൽ അത് നാം കണ്ടതാണ്. ആ പ്രക്ഷോഭം എവിടെ, ഇന്നത്തെ നാലാൾ പ്രക്ഷോഭം എവിടെ? ഇല്ലാത്തത് ഉണ്ടെന്ന് വരുത്തിത്തീർത്ത് എന്നെയും എന്റെ പാർട്ടിയെയും ഇടതുപക്ഷ ജനാധിപത്യ സർക്കാരിനെയും ആക്ഷേപിക്കാനാണ് ശ്രമം നടത്തുന്നത്. ആ ശ്രമം ഈ സഭയ്ക്കുള്ളിൽക്കൂടി പ്രതിഫലിച്ചുവെന്നതുകൊണ്ടാണ് ഈ വിശദീകരണം വേണ്ടിവരുന്നത്. ഞാൻ തോട്ടം തൊഴിലാളികൾക്കിടയിൽ ജനിച്ചുവളർന്ന സാധാരണക്കാരനാണ്. അവർക്കിടയിലാണ് പ്രവർത്തിച്ചത്. ആയിരക്കണക്കിന് സ്ത്രീത്തൊഴിലാളികൾ തോട്ടം തൊഴിലാളികളിലുണ്ട്. ആ നാടിന്റെയും ആ പാവപ്പെട്ട നാട്ടുകാരുടേയും ഭാഷയാണ് എന്റെ ഭാഷ. അത് പണ്ഡിതോചിതമായ ഭാഷയൊന്നുമാവില്ല. ആ നാടിന്റെ ഭാഷയിൽ നന്മയുണ്ട്, ശുദ്ധിയുണ്ട്, മനുഷ്യസ്നേഹമുണ്ട്. അതിനെതിരായ ഒന്നും അതിലുണ്ടാവില്ല. അതിനെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കരുത്. മനസ്സിന്റെ ഭാഷ എന്നൊന്നുണ്ട്. അതാണ് ഞങ്ങൾ സംസാരിക്കാറ്. അതല്ലാതെ മനസ്സിലുള്ളത് മറച്ചുവച്ച് മിനുക്കിതേച്ച വാക്കുകൾ കൊണ്ട് കൃത്രിമമായി സംസാരിക്കാറില്ല. പ്രൊഫസർമാരുടെ ഭാഷയിൽ എനിക്ക് സംസാരിക്കാനാവില്ല. സാധാരണക്കാരന്റെ ഭാഷയേ നാവിൽ വരൂ. ആ പാവപ്പെട്ട സാധാരണക്കാർ കൂടിയുള്ളതാണ് ഈ കേരളം. ആ ഭാഷയിൽ സ്ത്രീയെ

ആക്ഷേപിക്കുന്ന ഒന്നും വരില്ല. പലരും ആക്ഷേപിക്കുന്നത് കേട്ടാൽ തോന്നുക ഞാൻ സ്ത്രീകളില്ലാത്ത നാട്ടിൽ നിന്നും വന്നതാണെന്നാണ്. എന്റെ നാട്ടിലും വീട്ടിലുമൊക്കെ സ്ത്രീകളുണ്ട്. ആദരവോടെയേ അവരോട് പെരുമാറാറുള്ളൂവെന്നത് അവർക്കെല്ലാം ബോധ്യവുമുണ്ട്. ആ ബോധ്യമാണ് എന്റെ ശക്തി. അതാണ് ആ സമൂഹത്തിൽ എനിക്കുള്ള സ്വീകാര്യതയും. സ്ത്രീസമൂഹത്തോടുള്ള ആദരവ് ആവർത്തിച്ചുകൊണ്ട് ഞാൻ ഉപസംഹരിക്കട്ടെ.

ബഹുമാന്യരായ അംഗങ്ങളേ, കേരളത്തിലെ മുഴുവൻ പത്രവും എടുത്ത് അതിൽ എവിടെയെങ്കിലും എം. എം. മണി സ്ത്രീ എന്ന ഒരു പദം പ്രയോഗിച്ചിട്ടുണ്ടോയെന്ന് നിങ്ങൾ പരിശോധിച്ചുനോക്കൂ. ഞാൻ അങ്ങനെ പറഞ്ഞിട്ടില്ല. എന്നെ സംബന്ധിച്ച് അങ്ങനെ പറയുന്ന പ്രശ്നവുമില്ല. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അനധികൃത കയ്യേറ്റം ഒഴിപ്പിക്കലിന്റെ കാര്യം പറഞ്ഞു. മുമ്പ് ഇവിടെ അങ്ങ് ഉണ്ടായിരുന്നല്ലോ? കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി അങ്ങ് എന്ത് ചെയ്തു; എന്ത് ഒഴിപ്പിച്ചു? ഇപ്പോൾ ഈ ഗവൺമെന്റ് അനധികൃത കയ്യേറ്റം ഒഴിപ്പിച്ചപ്പോൾ പിൻതാങ്ങിയതിന് നന്ദിയുണ്ട്. വളരെ സന്തോഷമുണ്ട്.